## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **5780** **29.07.2015-ൽ** മറുപടിക്ക്

### കെ.എസ്.ആർ.ടി.സി . കൊറിയർ സർവ്വീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത് : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യുടെ കൊറിയർ സർവ്വീസിന്റെ പ്രവർത്തനം ഏതു ഘട്ടം വരെയെത്തിയെന്നു വ്യക്തമാക്കാമോ; | (എ) | കൊറിയർ / പാഴ്സൽ സർവ്വീസിനുവേണ്ടി 16.03.2015-ൽ നടന്ന ലേലം ടെണ്ടർ നടപടിയിൽ മതിയായ യോഗ്യത നേടിയ M/s Trackon Couriers എന്ന സ്ഥാപനത്തിന് ലൈസൻസ് നൽകുകയും 07.07.2015-ൽ ഈ പദ്ധതി ബഹു. മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ ദ്രുതഗതി യിൽ നടന്നുവരുന്നു. |
| (ബി) | കെ.എസ്.ആർ.ടി.സി കൊറിയർ സർവ്വീസ് എല്ലാ ഡിപ്പോകളിൽ നിന്നും, സബ്ഡിപ്പോകളിൽ നിന്നും ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | കൊറിയർ സർവ്വീസിനുള്ള ചാർജ്ജുകൾ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (സി) | കൊറിയർ സർവ്വീസിന്റെ ചാർജ്ജുകൾ നിശ്ചയിക്കുന്നത് മാർക്കറ്റ് റേറ്റ് അനുസരിച്ച് ലൈസൻസ് നേടിയിട്ടുളള കമ്പനിയാണ് (M/s Trackon Couriers Pvt. Ltd.), കെ.എസ്.ആർ.ടി.സി.യുമായി റവന്യൂ ഷെയറിംഗ് രീതിയിലാണ് ടി സംരംഭം ആരംഭിച്ചിരിക്കുന്നത്. ആയതിനാൽ റേറ്റ് നിശ്ചയിച്ച് അന്തിമതീരുമാനം എടുത്തിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | കെ.എസ്.ആർ.ടി.സി കൊറിയർ സർവ്വീസ് മുഖേന അയയ്ക്കുന്ന പാഴ്സലുകൾ വിതരണം നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ഡി) | കൊറിയർ / പാഴ്സൽ സർവ്വീസ് മുഖേന അയക്കുന്ന പാഴ്സലുകൾ വിതരണം നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്തം ലൈസൻസിയ്ക്കാണ് (M/s Trackon Couriers Pvt. Ltd.). കെ.എസ്.ആർ.ടി.സി ബസുകളിലെ കൊറിയർ ബോക്സ് ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷനുകളിൽ ബുക്കിംഗ് കേന്ദ്രം തുറന്നാണ് ടി ഏജൻസി പാഴ്സലുകൾ വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണം നടത്തുന്നത്. |

സെക്ഷൻ ഓഫീസർ